
● വി.എ കബീർ



ജോർജ് ഹബശിന്റെ ആശയങ്ങളോട് നമുക്ക് വിയോജിപ്പുണ്ടാകാം. ഏത് പോരാളിയെയും പോലെ അദ്ദേഹത്തിനും തെറ്റു പറ്റിയിട്ടുണ്ടാവാം. പക്ഷേ, അന്ത്യനിമിഷം വരെ പുലർത്തിയ ആ ആർജവവും ആത്മാർഥതയും അംഗീകരിക്കാതിരിക്കാൻ സാധ്യമല്ല

# ജോർജ് ഹബശ്
## നട്ടെല്ല് വളക്കാത്ത പോരാളി

**കാലം** മാറിയാലും നിലപാടുകൾ മാറ്റാത്ത ചിലരുണ്ട്. യാഥാർഥ്യബോധമില്ലാത്ത സ്വപ്നജീവികൾ എന്ന് അവർ പരിഹസിക്കപ്പെടും. പക്ഷേ, പ്രായോഗിക ബുദ്ധികളെന്നഭിമാനിക്കുന്ന വർണകുമിളകൾ അൽപായുസ്സുകളായി പരിണമിക്കുമ്പോൾ ഈ സ്വപ്നജീവികളെ ചരിത്രം ചിരഞ്ജീവികളാക്കി മാറ്റുന്നതാണ് അനുഭവപാഠം. ആ ജനുസ്സിൽ പെട്ടവരാണ് രണ്ട് വർഷം മുമ്പ് അന്തരിച്ച ഈജിപ്തിലെ അഹ്മദ് നബീൽ ഹിലാലിയും 2008 ജനുവരി 26-ന് നിര്യാതനായ ഫലസ്തീൻ പോരാളി ജോർജ് ഹബശും. രണ്ടു പേർക്കും സമാനതകളേറെ. കറകളഞ്ഞ മാർക്സിസ്റ്റുകളെന്നതിലുപരി മൂല്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്തവർ എന്നത് കൂടിയാണ് അവരുടെ വ്യക്തിത്വത്തിനു നക്ഷത്രശോഭ പകരുന്നത്.

വായിൽ വെള്ളിക്കരണ്ടിയുമായാണ് അഹ്മദ് നബീലിന്റെ ജനനം. ഈജിപ്തുകാർ ബാ(പാ)ഷമാരെന്ന് വിളിക്കുന്ന ഭൂപ്രഭുവാണ് പിതാവ്. രാജഭരണകാലത്ത് പ്രധാനമന്ത്രി. പക്ഷേ, പൈതൃകത്തിന്റെ പകിട്ടൊക്കെ പുറംകാലുകൊണ്ട് തട്ടിമാറ്റി അഹ്മദ് നബീൽ ജീവിതം ഉഴിഞ്ഞിട്ടത് പാവങ്ങൾക്ക് വേണ്ടിയായിരുന്നു. മികച്ച അഭിഭാഷകനായിട്ടും ആ തൊഴിൽ സമ്പാദ്യമാർഗമാക്കിയില്ല. ആദർശപരമായ വിയോജിപ്പ് നീതിപാലനത്തിൽ തടസ്സമായില്ല. സാദാത്ത് വധക്കേസിലെ പ്രതികൾക്കുവേണ്ടി വാദിക്കാൻ ഹാജറായത് ഹിലാലിയായിരുന്നു. കേസിൽ വിട്ടയക്കപ്പെട്ടവർ പ്രതീകാത്മകമായൊരു തുക പ്രതിഫലമായി നൽകിയപ്പോൾ അത് നന്ദിപൂർവം നിരസിക്കുകയായിരുന്നുവെന്ന് അഭിഭാഷക യൂനിയനിലെ ഫ്രീഡം യൂനിറ്റ് സെക്രട്ടറിയും കോളമിസ്റ്റുമായ മുൻതസർ സയ്യാത്ത് അനുസ്മരിക്കുന്നു.

1925-ൽ ഫലസ്തീനിലെ ലുദ്ദിൽ ജനിച്ച ജോർജ് ഹബശിന്റെ ക്രൈസ്തവ കുടുംബവും സാമാന്യം ഭേദപ്പെട്ട സാമ്പത്തിക സുസ്ഥിതിയുള്ളവരായിരുന്നു. ഇവാഞ്ചലിക്കൽ സ്കൂളിലും റഫഅ്‌യിലെ ഓർത്തഡോക്സ് ക്രിസ്ത്യൻ സ്കൂളിലും പഠിച്ചു. ഒടുവിൽ ബെയ്റൂത്തിലെ അമേരിക്കൻ യൂനിവേഴ്സിറ്റിയിൽനിന്ന് മെഡിക്കൽ ബിരുദവുമായാണ് പുറത്തിറങ്ങിയത്; എത്തിച്ചേർന്നത് മാർക്സിസം-ലെനിനിസത്തിലും.

സിയോണിസ്റ്റ് ഭീകരവാദികളായ ഹഗാന നടത്തിയ കൂട്ടക്കശാപ്പിനെത്തുടർന്ന് നാടുവിടാൻ നിർബന്ധിതരായ ഫലസ്തീൻ അഭയാർഥികളുടെ പ്രവാഹമാണ് ഹബശിന്റെ ജീവിതത്തെ മാറ്റിത്തീർത്തത്. അറബ് സേനകളുടെ പരാജയത്തിനും ഫലസ്തീൻ വിഭജന ദുരന്തത്തിനും സാക്ഷിയായ ഹബശ് നാടിന്റെ മോചനത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുകയായിരുന്നു. സ്വന്തം ജനതയുടെ അറുതിയില്ലാത്ത കഷ്ടപ്പാടുകൾ

കാണേണ്ടിവന്നിരുന്നില്ലെങ്കിൽ ഒരു സാധാരണ ഭിഷഗ്വരനായി തന്റെ ജീവിതം ഒതുങ്ങിപ്പോകുമായിരുന്നുവെന്ന് ജോർജ് പിൽക്കാലത്ത് പറയുകയുണ്ടായി. ഡോക്ടറായി ജീവിതമാരംഭിച്ചപ്പോഴും ഫലസ്ത്വീൻ അഭയാർഥി ക്യാമ്പുകളിൽ സേവനം ചെയ്യാനാണ് ഹബശ് തൽപരനായത്. പിന്നീട് തന്റെ വലംകൈയായി ത്തീർന്ന ഡോ. വദീഅ് ഹദ്ദാദുമായി ചേർന്ന് 'അൽ ഖിയാദ' എന്ന സ്വന്തം ക്ലിനിക്കിൽ വെച്ച് ഫലസ്ത്വീൻ വിമോചനപ്പോരാട്ടത്തിന്റെ അരണി കടയാനാണ് പിന്നീട് അദ്ദേഹം സമയം മുഴുവൻ വിനിയോഗിച്ചത്. വിപ്ലവത്തിന്റെ താത്വികാചാര്യനായി മാറിയ ഹബശ് കൂട്ടുകാർക്കിടയിൽ 'ഹകീം' എന്ന വിളിപ്പേര് നേടി. തത്ത്വചിന്തയും വൈദ്യവും അഭേദ്യമായി നിലനിന്നിരുന്ന പണ്ട് മുതൽക്കേ ലുഖ്മാനുൽ ഹകീം മുതൽ ഇബ്നുസീന(അവിസിന്ന) വരെ ഭിഷഗ്വരന്മാർ ഹകീം എന്ന പേരിലാണ് മുസ്‌ലിംലോകത്ത് അറിയപ്പെട്ടിരുന്നത്. ഡോക്ടറും ബുദ്ധിജീവിയുമായ ജോർജിനെ സംബന്ധിച്ചേടത്തോളം ഈ അപരനാമം തികച്ചും അന്വർഥമായി.

## ബ്ലാക് സെപ്റ്റംബർ

1970 സെപ്റ്റംബറിൽ ലോകത്തെ ഞെട്ടിച്ച പ്രസിദ്ധമായ ആ വിമാന റാഞ്ചലിലൂടെയാണ് ജോർജ് ഹബശിന്റെ സൂര്യപ്രഭ ഉച്ചാവസ്ഥയിലെത്തുന്നത്. മൂന്നു പടിഞ്ഞാറൻ വിമാനങ്ങൾ ഒറ്റയടിക്ക് ജോർജിന്റെ കുട്ടികൾ റാഞ്ചി. ലൈല ഖാലിദ് എന്ന പെൺപുലി ഈ വിമാന റാഞ്ചൽ പദ്ധതിയുടെ സംഭാവനയാണ്. പക്ഷേ, ലൈല റാഞ്ചിയ ഇസ്രയേൽ വിമാനത്തിനകത്ത് സംഘട്ടനമുണ്ടായതിനാൽ ലക്ഷ്യസ്ഥാനത്തെത്താൻ കഴിഞ്ഞില്ല. ഇതേതുടർന്ന് ലൈലയെ ബ്രിട്ടീഷ് പട്ടാളം അറസ്റ്റു ചെയ്യുകയായിരുന്നു.




വദീഅ് ഹദ്ദാദ്

പാശ്ചാത്യ മീഡിയ ആസൂത്രിതമായി തമസ്കരിച്ചുപോന്ന ഫലസ്ത്വീൻ പ്രശ്നം വീണ്ടും ലോകശ്രദ്ധയിൽ കൊണ്ടുവന്നു എന്നതായിരുന്നു ഈ റാഞ്ചൽ പദ്ധതിയുടെ പ്രധാനനേട്ടം. ഭൂപടത്തിൽനിന്ന് സാമ്രാജ്യത്വ ശക്തികൾ തുടച്ചുനീക്കിയെങ്കിലും ഫലസ്ത്വീൻ മരിച്ചിട്ടില്ലെന്നും ഫലസ്ത്വീൻ ജനത എന്നൊരു ജനത ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടെന്നും ഈ സംഭവത്തിലൂടെ ലോകം അറിഞ്ഞു. അതു മാത്രമേ ഈ ഓപറേഷനിലൂടെ തങ്ങൾ ലക്ഷ്യം വെച്ചിരുന്നുള്ളൂ എന്ന് ജോർജ് ഹബശ് തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. എങ്കിലും റാഞ്ചൽ നാടകം അരങ്ങേറിയത് ജോർദാനിലായതിനാൽ ഫലസ്ത്വീൻ പോരാളികളും ജോർദാൻ സർക്കാറും തമ്മിൽ രൂക്ഷമായ സംഘട്ടനത്തിനത് വഴിവെച്ചു. പോരാളികൾ കൂട്ടക്കശാപ്പിന്നിരയായ ഈ ദാരുണ സംഭവമാണ് 'അൽ-ഐലൂലുൽ അസ്‌വദ്' (Black September) എന്ന് ഫലസ്ത്വീൻ ചരിത്രത്തിൽ അറിയപ്പെടുന്നത്.

വിമാന റാഞ്ചലിലൂടെ ഹബശ് പടിഞ്ഞാറൻ രാജ്യങ്ങൾക്കും ഇസ്രയേലിനും വലിയ തലവേദനയായി മാറി. ഇസ്രയേലിന്റെ നോട്ടപ്പുള്ളികളുടെ കരിമ്പട്ടികയിൽ അദ്ദേഹം ഉൾപ്പെട്ടത് സ്വാഭാവികം. 1973 ആഗസ്റ്റിൽ ബെയ്റൂത്തിൽനിന്ന് ബഗ്ദാദിലേക്ക് പോകുന്ന മിഡിൽ ഈസ്റ്റ് വിമാനം റാഞ്ചാൻ ഇസ്രയേൽ യുദ്ധവിമാനം ശ്രമിക്കുന്നത് അങ്ങനെയാണ്. ഈ വിമാനത്തിൽ ഹബശ് ഉണ്ടെന്നാണ് അവർ കരുതിയിരുന്നത്. വിമാനം ബലമായി ഇസ്രയേലിലിറക്കിയെങ്കിലും ആഘോഷത്തിന്റെ നിമിഷങ്ങൾക്കായി കാത്തിരുന്ന മോഷെ ദയാനടക്കമുള്ള ജനറൽമാർക്കൊക്കെ നിരാശപ്പെടേണ്ടിവന്നു. വിമാനത്തിനകത്ത് ജോർജ് ഹബശ് ഉണ്ടായിരുന്നില്ല.

ഇസ്രയേലിനു മാത്രമല്ല, അറബ് ഭരണകൂടങ്ങൾക്കും കണ്ണിലെ കരടായിരുന്നു ഹബശ്. യമനിലെ ഇമാമി ഭരണകൂടത്തെ അട്ടിമറിക്കുന്നതിൽ ചരടുവലിച്ചതിന്റെ പിന്നിൽ ഹബശുമുണ്ടായിരുന്നു. യമനിലെ ഈജിപ്ഷ്യൻ സൈനിക ഇടപെടലിനു ഹബശാണ് പ്രസിഡന്റ് നാസിറിനെ പ്രേരിപ്പിച്ചത്. പല അറബ് ഭരണകൂടങ്ങളുമായും ഇണങ്ങിയും പിണങ്ങിയും നീങ്ങിയ ഈ പോരാളിയുടെ ജീവിതം സാഹസികതകൾ നിറഞ്ഞതായിരുന്നു. 1968-ൽ സിറിയയിൽ ജയിലിലാകാനും അദ്ദേഹത്തിനു വിധിയുണ്ടായി. അതിസാഹസികമായി തടവുചാടുന്നതിൽ ഹബശ് വിജയിച്ചു. സന്തത സഹചാരിയായ വദീഅ് ഹദ്ദാദാണ് ഈ തടവുചാട്ടം ആസൂത്രണം ചെയ്തത്. 'വദീഅ്, ഇനിയും സമയമായില്ലേ?' എന്ന ഒരു കോഡുസന്ദേശം കിട്ടേണ്ട താമസം വദീഅ് ദമസ്കസിലെത്തി. കാവൽക്കാരെയും ജയിൽഭിത്തികളെയും കബളിപ്പിച്ചുകൊണ്ട് അതിസമർഥമായി ഹബശിനെ ലബനാനിലെത്തിച്ചു. 'മേഖലക്ക് തീകൊടുക്കുക' എന്ന രണ്ടുവാക്കുകൾ ഹബശിൽനിന്ന് കിട്ടിയമാത്രയിലാണ് പിന്നീട് 70-ൽ വിമാന റാഞ്ചൽ പദ്ധതി നടപ്പിലാക്കിയത് വദീഅ് തന്നെയായിരുന്നു. 63-ൽ ഈജിപ്തുമായുള്ള പുനരേകീകരണം ലക്ഷ്യംവെച്ചുകൊണ്ട് ഡമസ്കസിൽനടന്ന ജാസിം അൽവാന്റെ അട്ടിമറി ആസൂത്രണം ചെയ്തതിന്റെ പിന്നിൽ ഹബശാണെന്ന് ആരോപിക്കപ്പെട്ടിരുന്നു. ഈജിപ്ഷ്യൻ പ്രസിഡന്റ് നാസിറുമായും ഇടക്ക് പിണങ്ങുകയുണ്ടായി. എല്ലാ പ്രത്യയശാസ്ത്രങ്ങൾക്കും അതീതമായി അറബ് ഐക്യത്തിനും ഫലസ്ത്വീൻ സായുധപോരാട്ടത്തിനുമായിരുന്നു എപ്പോഴും അദ്ദേഹത്തിന്റെ മുൻഗണന. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും അദ്ദേഹം തയാറായില്ല.



അഹ്മദ് നബീൽ ഹിലാലി

## ഇൻതിഫാദ

1987-ൽ ഗസ്സയിലും പടിഞ്ഞാറെ കരയിലും ഫലസ്ത്വീൻ പ്രക്ഷോഭത്തിന്റെ നവതരംഗമായി വന്ന 'ഇൻതിഫാദ'യെ പോരാട്ട ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായാണ് അദ്ദേഹം കണ്ടത്. ഇൻതിഫാദക്ക് രാഷ്ട്രീയ പിന്തുണ നേടിക്കൊടുക്കാൻ അദ്ദേഹം കഴിവത് ശ്രമിച്ചു. അഭയാർഥികളുടെ തിരിച്ചുവരവ് ഉറപ്പുവരുത്തി ഖുദ്സ് ആസ്ഥാനമാക്കി ഫലസ്ത്വീൻ രാഷ്ട്ര സ്ഥാപനത്തിലേക്ക് ഇൻതിഫാദയെ നയിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ഇക്കാര്യത്തിൽ പി.എൽ.ഒ

നേതൃത്വത്തിന്റെ പല നയങ്ങളെയും വിമർശിക്കുകയും ചെയ്തു.

## നട്ടെല്ല് വളക്കാത്ത പോരാളി

പി.എൽ.ഒ 'വിപ്ലവ'ത്തിന്റെ ചാവടിയന്തരം ആഘോഷിച്ചപ്പോഴും സമരപാതയിൽ ഉറച്ചുനിൽക്കാൻ ആർജവം കാണിച്ചു എന്നതാണ് ജോർജ് ഹബശിന് ചരിത്രത്തിൽ പ്രതിഷ്ഠ നൽകിയ ഘടകം. ഓസ്‌ലോ കരാറിനോടനുബന്ധിച്ച് നടന്ന കുപ്രസിദ്ധമായ ആ ഹസ്തദാനത്തിൽനിന്ന് അദ്ദേഹം ഒഴിഞ്ഞുനിന്നു. വയസ്സായപ്പോഴും, ഹൃദ്രോഗം വേട്ടയാടിയപ്പോഴും വിപ്ലവാവേശം യൗവനത്തിൽനിന്ന് പടിയിറങ്ങിയില്ല. അറഫാത്തടക്കമുള്ള സ്വന്തം സഖാക്കളെ ഗ്രസിച്ച നപുംസക ചിന്തകൾ അദ്ദേഹത്തിന്റെ ചിന്തകളെ ഒട്ടും ഏശിയില്ല. തൊണ്ണൂറുകളുടെ മധ്യത്തിൽ പത്രപ്രവർത്തകനായ ഗസ്സാൻ ശർബൽ ഹബശിനോടു ചോദിച്ചു: 'നിരാശ തോന്നുന്നില്ലേ? ഫലസ്തീൻ നേതൃനിരയിലെ ചിലർ നാട്ടിൽ തിരിച്ചെത്തിയിരിക്കുന്നു. കുവൈത്ത് അധിനിവേശാനന്തരം ഇറാഖ് പ്രതാപത്തിലേക്ക് തിരിച്ചുവരാനാകാത്ത വിധം തവിടുപൊടിയായിരിക്കുന്നു. അറബ് ശൈഥില്യം അതിന്റെ മൂർധന്യത്തിലെത്തിക്കഴിഞ്ഞു. സോവിയറ്റ് യൂനിയൻ സോഷ്യലിസ്റ്റ് പാളയത്തോടൊപ്പം മ്യൂസിയത്തിലേക്ക് എടുത്തു മാറ്റപ്പെട്ടു. താങ്കളുടെ ചിരകാല സുഹൃത്ത് ഫിദൽകാസ്ട്രോവിന്റെ കപ്പലും മുങ്ങാൻ കാത്തിരിക്കുന്നു? നിരാശ തോന്നുന്നില്ലേ?'

കയ്പുപുരണ്ട പുഞ്ചിരിയോടെ ഹബശ് മറുപടി പറഞ്ഞത് ഇങ്ങനെ: 'എന്റെ നിഘണ്ടുവിൽ നിരാശ എന്ന പദമില്ല. അനീതിക്ക് ശാശ്വത വിജയമുണ്ടാകുമെന്ന് ഒരിക്കലും എനിക്ക് സമ്മതിക്കാൻ പറ്റില്ല.'

ലോകഭീകരവാദിയായി അറിയപ്പെടുന്ന കാർലോസിനെക്കുറിച്ചും മതിപ്പോടുകൂടി മാത്രമേ ഹബശ് സംസാരിച്ചിരുന്നുള്ളൂ. കാർലോസും ജപ്പാനിലെ റെഡ് ആർമിയും ഫലസ്തീൻ വിമോചനപ്പോരാട്ടത്തിനു നൽകിയ സംഭാവനകൾ അവിസ്മരണീയമാണെന്ന് തുറന്നു പറയാൻ അദ്ദേഹം മടിച്ചില്ല. സുഡാനിൽ ഒളിച്ചുപാർത്തിരുന്ന കാർലോസിനെ ഫ്രഞ്ച് സർക്കാറിന് പിടിച്ചു കൊടുത്തത് ഉമർ ബശീറിന്റെ സർക്കാറാണ്. തന്ത്രപരമായ ഈ നീക്കത്തിലൂടെ പടിഞ്ഞാറിന്റെ ദൃഷ്ടിയിൽ നല്ല പുള്ളിയാവാമെന്നായിരുന്നു സുഡാൻ ഗവൺമെന്റിന്റെ കണക്കു കൂട്ടൽ. പക്ഷേ, ഇപ്പോഴും സുഡാൻ 'തിന്മയുടെ അച്ചുതണ്ടി'ൽ കറങ്ങുകയാണ്. കാർലോസാകട്ടെ ഫ്രഞ്ചു കോടതിയിലെ വിചാരണവേള മധ്യപൗരസ്ത്യ ദേശത്തെ പ്രശ്നത്തെക്കുറിച്ച് മണിക്കൂറുകൾ നീണ്ടുനിന്ന പ്രഭാഷണം ചെയ്യാനാണ് ഉപയോഗിച്ചത്.

ഇന്നത്തെ അന്താരാഷ്ട്ര നിർവചനം അംഗീകരിച്ചാൽ ഒരു 'കൊടും ഭീകരവാദി'യായി ജോർജ് ഹബശിനെ മുദ്രകുത്താം. പക്ഷേ, അദ്ദേഹത്തിന്റെ പോരാട്ടത്തിന്റെ തിളക്കത്തെ മായ്ച്ചു കളയാൻ നിങ്ങൾക്കാവില്ല.

ഹബശിന്റെ പോപ്പുലർ ഫ്രണ്ട് രാഷ്ട്രീയകാര്യവകുപ്പ് അംഗം മാഹിർ താഹിർ മരണത്തിന് ഒരുദിവസം മുമ്പ് ജോർദാനിലെ ആശുപത്രിയിൽ ഐ.സി.യുവിൽ ഹബശിനെ സന്ദർശിച്ചപ്പോൾ ചോദിച്ചത് ഗസ്സയിലെ ഉപരോധത്തെയും ജനങ്ങളുടെ അവസ്ഥയെയും സംബന്ധിച്ചായിരുന്നു. ജനം റഫാ അതിർത്തി തകർത്തെന്ന് അറിയിച്ചപ്പോൾ ആ ചുണ്ടുകളിൽ പുഞ്ചിരി വിരിഞ്ഞു. 'അറബ് രാഷ്ട്രങ്ങൾക്കിടയിലുള്ള അതിർത്തികൾ അപ്രത്യക്ഷമാവുകയും ഐക്യത്തിന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്ന ഒരുകാലം വരികതന്നെ ചെയ്യും.'

ജോർജ് ഹബശിന്റെ ആശയങ്ങളോട് നമുക്ക് വിയോജിപ്പുണ്ടാകാം. ഏത് പോരാളിയെയും പോലെ അദ്ദേഹത്തിനും തെറ്റ് പറ്റിയിട്ടുണ്ടാവാം. പക്ഷേ, അന്ത്യനിമിഷംവരെ പുലർത്തിയ ആ ആർജവവും ആത്മാർഥതയും അംഗീകരിക്കാതിരിക്കാൻ സാധ്യമല്ല. ■